

# തൂലിക

## ഡിജിറ്റൽ മാഗസിൻ

little KITEs

16082- **GHS VANMUGHAM**

# ജി.എച്ച്. എസ്. വൻമുഖം




G H S VANMUGHAM
KATALUR

| | |
|---|---|
| റവന്യൂ ജില്ല | കോഴിക്കോട് |
| വിദ്യാഭ്യാസ ജില്ല | വടകര |
| ഉപജില്ല | മേലടി |
| പ്രധാനാധ്യാപിക | സുചിത്ര പി.ഡി. |

## ആശംസകളോടെ............

ജി എച്ച് എസ് വൻമുഖം ' ലിറ്റിൽ കൈറ്റ്സ് ' ഈ വർഷം തയ്യാറാക്കുന്ന 'തൂലിക ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.. ഒപ്പം ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക എല്ലാ പിന്തുണയും സഹായവും ഞാൻ ഉറപ്പ നൽകുന്നു ...



സുചിത്ര പി.ഡി.
പ്രധാനാധ്യാപിക
**ജി.എച്ച്. എസ്. വൻമുഖം**

# താളുകളിലൂടെ............


| | | |
|---|---|---|
| 1. | ചരിത്രത്തിലൂടെ | 4 |
| 2. | നേട്ടങ്ങളിലൂടെ | 5 |
| 3. | കനവിലൊരു പ്രളയം | 6 |
| 4. | Festivista' 24 | 7 |
| 5. | ഓർമ്മ | 8 |
| 6. | മതിലുകൾ | 9 |
| 7. | കാറ്റാടി മരങ്ങൾ | 10 |
| 8. | Nature wonders | 11 |
| 9. | നീർച്ചുഴികൾ | 12 |
| 10. | English proverbs | 13 |
| 11. | എന്റെ അച്ഛൻ | 14 |
| 12. | ACADEMIC VISION 2028 | 15 |
| 13. | എഡിറ്റോറിയൽ ബോർഡ് | 16 |

# ചരിത്രത്തിലൂടെ...........

വൻമുഖം ഗവ: ഹൈസ്കൂൾ

1928 ഇൽ എലിമെന്ററി സ്കൂൾ ആയി ആരംഭിച്ച വിദ്യാലയം 1974 വൻമുഖം യു. പി. സ്കൂൾ എന്ന പേരിൽ യു. പി. സ്കൂളായി ഉയർത്തി. 2013 ജൂൺ മാസത്തിൽ ഹൈക്കോടതി ഉത്തരവ് പ്രകാരം യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ആർ. എം. എസ്. എ. ഹൈസ്കൂളാക്കി മാറ്റി.

എൽ. കെ. ജി. മുതൽ പത്താം തരം വരെയുള്ള വിദ്യാലയത്തിൽ ആകെ മൂന്ന് കെട്ടിടങ്ങളാണുള്ളത്.

19 ക്ലാസ് മുറികൾ. ഓരോ ക്ലാസും രണ്ടു ഡിവിഷൻ വീതമാണുള്ളത. സ്മാർട്ട് ക്ലാസ് റൂം, ലാബ്, ലൈബ്രറി, സ്റ്റേജ്, ഓഡിറ്റോറിയം, എന്നീ ഭൗതിക സൗകര്യങ്ങളാണുള്ളത്.

# നേട്ടങ്ങളിലൂടെ...........

## OUR ACTIVITIES AND ACHIEVEMENTS



KOLKKALI - A GRADE STATE LEVEL



LITTLE KITES



SPECIAL ATTENTION CLASSES



SCHOOL SOCIAL SERVICE SCHEME



STUDENT POLICE UNIT



# കനവിലൊരു പ്രളയം

കതിരുകൾ കൊത്തി
ഞാനിടവഴികൾ താണ്ടി
പതിയെ ചിറകുവിടർത്തി
പറന്നങ്ങാകാശ മാർഗ്ഗേ!

വഴിവക്കിൽ
വിശ്രമക്കൂടൊരുക്കി
മഴമേഘങ്ങളൊ-
കാവലായി.
മെല്ലെ മയങ്ങി
ഉണരുന്നനേരം
മിഴിപൊത്തിക്കളിക്കുന്നു
കതിർക്കുലകൾ !

നെഞ്ചിലെ ഗദ്ഗദം പെരുമ്പറകൊട്ടി
മിഴിയിണകൾ രണ്ടും
തടയിണകൾപൊട്ടി
കാതിലെ
കടലിരമ്പലാഴത്തിലായി
കനവിലെചിന്തകൾ
നിഴൽചിത്രമായി!

ഞാനപ്പോൾ
പെരുമഴപ്പാച്ചിലിൽ
നിലംപതിച്ചു!
മണ്ണിൽ
പുഴതീർത്തചുഴികളിൽ
മീൻതുടിച്ചു..!!



ജിഷ പി നായർ

# *festivista....*

Annual day celebrations....















# ഓർമ്മ

മഞ്ഞു പുതച്ചൊരാ
മങ്ങിയ കാഴ്ചയിൽ
ഇന്നെൻ നിനവിലെ
ബാഷ്പ സമുദ്രത്തിൽ
അരികെ വന്നെത്തുന്ന
വൻ ചുഴിക്കടിയിലെൻ
പൊട്ടിച്ചിതറിയ
ചിത്തസ്ഫടികങ്ങൾ....
പോയ കാലത്തിന്റെ
തേനൂറും സ്മൃതികളിൽ
പുലരിയിൽ തെളിയുന്നൂ
സുന്ദര ചിത്രങ്ങൾ....
കാറ്റിലിളകുന്ന
നിഴലനക്കങ്ങളിൽ
പൈതൃകത്തിന്റൊരാ
സ്പന്ദന ഗീതങ്ങൾ.....
പകലിന്റെ ചിതയിലെന്നോ -
ർമ്മകളെരിയുമ്പോൾ
കത്തുന്ന കവിതയായ്
പടരുന്നെന്നോർമ്മകൾ.....





Suja K L
Senior assistant

# മതിലുകൾ

മലയാളത്തിലെ പ്രശസ്തമായ നോവലുകളിൽ ഒന്നാണ് വൈക്കം മുഹമ്മദ് ബഷീറിൻറെ മതിലുകൾ. 1964 ആണ് മതിലുകൾ ആദ്യമായി പ്രസിദ്ധീകരിച്ചത്. മലയാളത്തിലെ മനോഹരമായ ഒരു പ്രണയകഥയാണ് മതിലുകളിൽ കാണാൻ കഴിയുന്നത്.

രാഷ്ട്രീയ തടവുകാരനായി ജയിലിൽ എത്തുന്ന ബഷീറിൻറെ അനുഭവങ്ങളും തൊട്ടപ്പുറത്ത് വനിതാ ജയിലിലെ നാരായണി എന്ന കഥാപാത്രവും തമ്മിലുള്ള പ്രണയവും സംഭാഷണങ്ങളും ആണ് ഇതിലെ പ്രധാന ആശയം. മതിലുകളാൽ വേർതിരിക്കപ്പെട്ട ജയിലുകളിൽ തടവുകാരായ ബഷീറിന്റെയും നാരായണയുടെയും പ്രണയമാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത് എന്നാൽ അവർ തമ്മിൽ കാണുകയോ ചെയ്യുന്നില്ല. 1989 അടൂർ ഗോപാലകൃഷ്ണൻ ഈ നോവലാസ്പദമാക്കി ചലച്ചിത്രം സംവിധാനം ചെയ്തു.




NOULA FATHIMA

# കാറ്റാടി മരങ്ങൾ

അനന്തമായ്നീളുന്ന ,
വഴിയുടെ ഇരുവശത്തും
കാറ്റിലിളകുന്ന
കാറ്റാടി മരങ്ങൾ....
നഷ്ടബോധത്തിന്റെ
നൊമ്പരപാടുകൾ ....
നേർത്ത കാറ്റിൽ
പാറി വീഴുന്ന
ഉണങ്ങിയ ഇലകൾ.....
അർത്ഥം തേടിയുള്ള
പരിശ്രമങ്ങൾ....
ഓർമ്മകൾക്ക്,
പുനർജന്മം പകരാനായ്
മനസ്സിന്റെ ചില്ലകളിൽ
ഒരിക്കൽ കൂടി
തളിരുകളിളകുന്നു.....




Suja K L
Senior assistant





# NATURE'S WONDERS





# നീർച്ചുഴികൾ

- - - - -


കൊഴിഞ്ഞു വീണ
പാരിജാതത്തിൻ്റെ
ഗന്ധം പോലും
എനിക്ക്
സ്വർഗ്ഗത്തിലേക്കുള്ള
മനോഹരമായ പാത
തുറന്നു തന്നു.
എന്നിട്ടും,
എവിടെ നിന്നോ
കിട്ടിയ
ഒരു നുള്ളുപൊടിയുടെ
ചതിയിൽ മുങ്ങി
ചുവരിൽ
കരിക്കട്ടകൾ കൊണ്ട്
പൂർത്തിയാകാത്ത
ചിത്രങ്ങൾ വരച്ച്
സ്വർഗ്ഗത്തിലേക്കുള്ള
പല പല വഴികൾ
തേടി
ഒരു മനുഷ്യൻ
എനിക്ക് മുൻപിൽ കൂടി
കടന്നു പോയി.
സന്ധ്യാനാമങ്ങളും,
ഭസ്മക്കുറിയും
അയാൾക്കരിക് ചേർന്ന്
മറഞ്ഞു പോയി.
വെളുത്ത പൂഴിമണലിൽ
പട്ടുമെത്ത വിരിച്ച
പാരിജാത പ്പൂക്കളിൽ
ഒഴുകിയെത്തുന്ന
ഇളം കാറ്റിൽ
വന്നു വീഴുന്ന
കരിയിലകളുടെ
തേങ്ങലുകൾക്ക്
ഇപ്പോൾ
കട്ടി കൂടിയിട്ടുണ്ട്.



ഷൈജി ഷാജു കൂമുള്ളി

# ENGLISH PROVERBS

- *Better late than never*
- *Actions speak louder than words*
- *When in Rome, do as the Romans do*
- *Every cloud has a silver lining*
- *Absence makes the heart grow fonder*
- *Look before you leap*
- *One good turn deserves another*
- *A bad workman blames his tools*
- *A beggar can never be bankrupt*
- *A stitch in time saves nine*
- *Honesty is the best policy*
- *Practice makes perfect*
- *Strike while the iron is hot*
- *The early bird catches the worm*
- *A cat has nine lives*
- *A drowning man catches all straws*
- *A leopard cannot change its spots*
- *All that glitters is not gold*
- *All's Well That Ends Well*
- *Better safe than sorry*
- *Birds of a feather flock together*
- *Empty vessels make the most noise*
- *Many hands make light work*



# എന്റെ അച്ഛൻ



അനിഷ ഷാജി

നിശ്ചലമായൊരച്ഛന്റെ ദേഹം
കത്തിയെരിയുമ്പോൾ
കൂടെയണഞ്ഞതെൻ
മോഹ സ്വപ്നങ്ങൾ

അനന്തമാം
ആകാശനീലിമയിൽ
തന്നിലെ വെട്ടം
പറന്നകന്നപ്പോൾ
അന്നുതൊട്ടിന്നോളം
കണ്ണുനീരാണെന്റെ
കൂട്ടിനായുള്ളത്

അന്തി
തിരികൊളുത്തുന്നൊരാ
വേളയിൽ
അച്ഛന്റെ
സ്നേഹത്തിൻ കരസ്പർശം
ഇളം തെന്നലായെന്നെ
തഴുകി തലോടുന്നു

ആഴിതൻ നടുവിൽ
തുഴയറിയാതെ
പകച്ചുപ്പോയപ്പോൾ
താതൻ പകർന്നൊരാ
ആത്മവിശ്വാസവും
അമ്മതൻ കണ്ണീരും
എന്നിലെ ജ്വാലയെ
ആളിപ്പടർത്തി ..

ഭാരങ്ങൾ പേറിനടന്നൊരാ
തോൾസഞ്ചി
ഇന്നു ഞാൻ പേറുന്നു
അച്ഛനെപ്പോലെ....

ക്രൂര വിധിതൻ
വിളയാട്ടത്തിൽ
മൺമറഞ്ഞൊരച്ഛനെ
ഒരു നോക്കു കാണാൻ
നെഞ്ചിൽ തലച്ചായ്ക്കാൻ
എൻ ചാരെ അണയുമോ
ഒരിക്കൽ കൂടി..

# ACADEMIC VISION 2028




2028 ൽ നൂറു വർഷം പൂർത്തിയാക്കുന്ന ഈ വിദ്യാലയത്തിൽ 100ഇന കർമ പദ്ധതി Academic vision 2028 എന്ന പേരിൽ ആവിഷ്കരിക്കുകയും ബഹുമാനപ്പെട്ട കോഴിക്കോട് DDE മനോജ് sir പ്രകാശനം ചെയ്തു.



# EDITORIAL BOARD

*HAYA DANIYA*
*NADIYA NIDA*
*HADIYA HAMEED*
*FEBIN*
*MUHAMMED SHAMEEM*

# *THANK YOU…….*


GOVT. HS VANMUGHAM
VATAKARA-EDU-DIST MELADY-SUB-DIST
ESTD - 1928